കൈത്താക്കാലം
ആറാം ഞായർ



എമ്മാവൂസ്
വചനദൂത്

# കാഴ്ചകൾ അനുഗ്രഹമാകുമ്പോൾ ...

ലേവ്യ 19:1 – 4; ഏശയ്യാ 29:19 – 24; 1 തെസ. 2:1 – 12; ലൂക്കാ 17:11 – 19 **(Vol. 10, Issue 11)**

**ബ്ര. എബിൻ ജോസഫ് പല്ലാട്ട്, MCBS**

Thank You... നന്ദി... ജീവിതത്തിൽ ഒരുപാട് ഉപയോഗിച്ചു പഴകിയ രണ്ട് വാക്കുകളാണിത്. കേവലം എട്ട് അക്ഷരങ്ങളുടെ വെറും കൂട്ടമല്ല ഇത്. മറിച്ച് ഹൃദയത്തിന്റെ പ്രകാശനമാണ്. ഇപ്രകാരം തന്റെ നന്ദി പ്രകാശനത്തിലൂടെ ഈശോയുടെ ഹൃദയത്തിൽ കയറിപ്പറ്റി അവിടുത്തെ അനുഗ്രഹവും സൗഖ്യവും ജീവിതത്തിൽ സ്വീകരിച്ച് ആനന്ദത്തോടെ നടന്നകലുന്ന ഒരു വിജാതീയന്റെ മനോഹരമായ അനുഭവമാണ് ഒരു ചിത്രകാരന്റെ വൈദഗ്ദ്യത്തോടെ ലൂക്കാ സുവിശേഷകൻ നമ്മുടെ മനസ്സിൽ കോറിയിടുന്നത്.

കൈത്താക്കാലത്തിലെ ആറാമത്തേയും അവസാനത്തേതുമായ ഈ ആഴ്ചയിൽ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പ്രവർത്തനത്താൽ ഫലം ചൂടി നിൽക്കുന്ന സഭയെക്കുറിച്ച് ധ്യാനിക്കുവാനും വിശ്വാസത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും പ്രത്യേകമായ രീതിയിൽ വിളിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ജീവിതത്തെ വിചിന്തനത്തിന് വിധേയമാക്കുന്നതിനും നന്ദിയുടെയും സ്തുതിയുടെയും ജീവിതമാക്കി മാറ്റുന്നതിനുമുള്ള അവസരമാണ് സമരിയാക്കാരനായ കുഷ്ഠരോഗി ഇന്ന് നമുക്ക് നൽകുന്നത്.

119-ാം സങ്കീർത്തനം ഇപ്രകാരം പറയുന്നു: "കർത്താവേ, അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്." യഥാർത്ഥ വഴിയിലൂടെ ചുവടുകൾ വയ്ക്കുന്നതിനും യാഥാർത്ഥ്യബോധത്തോടെ ജീവിതത്തെ കാണുന്നതിനും വചനം നമുക്ക് വഴികാട്ടിയാണ്. ഇന്നത്തെ വചനവും വ്യത്യസ്തമായ രീതിയിൽ കാര്യങ്ങളെ കാണുവാനും സമീപിക്കുവാനുമുള്ള ക്ഷണമാണ് നമുക്ക് നൽകുന്നത്.

ശപിക്കപ്പെട്ടവരെന്നു മുദ്രകുത്തി സമൂഹം വേലിക്കു പുറത്തേയ്ക്ക് വലിച്ചെറിഞ്ഞ ഹതഭാഗ്യരായിരുന്നു കുഷ്ഠരോഗികൾ. അവർ ദൈവാലയത്തിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിക്കപ്പെട്ടവരുമായിരുന്നു. ലേവ്യരുടെ പുസ്തകം 13:45-ാം വാക്യം ഇപ്രകാരം പറയുന്നു: "കുഷ്ഠമുള്ളവൻ കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണി കൊണ്ട് മറയ്ക്കുകയും അശുദ്ധൻ, അശുദ്ധൻ എന്നു വിളിച്ചുപറയുകയും വേണം."

ജനങ്ങളുടെ ശാപവാക്കുകൾക്കിടയിലും തങ്ങൾക്ക് സൗഖ്യം നൽകാൻ കഴിവുള്ളവനെ കുഷ്ഠരോഗികൾ കണ്ടെത്തുകയാണ്. വചനത്തിന്റെ അടിസ്ഥാനമായി നിൽക്കുന്ന മൂന്ന് കാഴ്ചകളിൽ ഒന്ന് ഇവിടെ സംഭവിക്കുകയാണ്. പത്തുപേരും ഒരുപോലെ ഇവിടെ വിജയിക്കുകയാണ്. ഇന്നുവരെ അവരെ കണ്ടവരെല്ലാം മുഖം തിരിച്ചു കളഞ്ഞപ്പോൾ തങ്ങളുടെ ചീഞ്ഞഴുകിയ ശരീരങ്ങൾക്കപ്പുറം ഉള്ളിലുള്ള മനുഷ്യനെ കാണാൻ കഴിയുന്നവനെ അവർ തിരിച്ചറിയുകയാണ്. ഈ തിരിച്ചറിവ് അവർക്ക് പ്രത്യാശയുടെ ആനന്ദം നൽകുകയാണ്. പുത്രനിലേയ്ക്കു നോക്കി ശുദ്ധി വീണ്ടെടുക്കാനുള്ള ഒരു ആഹ്വാനം കൂടി ഈ കാഴ്ച നമുക്ക് നൽകുന്നുണ്ട്.

രണ്ടാമത്തെ കാഴ്ച ഈശോയുടേതാണ്. കുഷ്ഠ രോഗികളെ ഈശോ കാണുകയാണ്. ദൈവം മനുഷ്യനിലേയ്ക്കും മനുഷ്യൻ ദൈവത്തിലേയ്ക്കും നോക്കുന്ന സുന്ദരമായ നിമിഷം. ഇവിടെ തുടങ്ങുകയാണ് അത്ഭുതങ്ങൾ. ഈശോ തന്റെ വചനത്താലോ സ്പർശനത്താലോ അല്ല സൗഖ്യം നൽകുന്നത് എന്നത് ശ്രദ്ധേയമാണ്. മറിച്ച്, തന്റെ കാഴ്ചയാലാണ്. കർത്താവ് കണ്ടു എന്നുപറഞ്ഞാൽ അവിടുന്ന് സൗഖ്യമാക്കി എന്നു തന്നെയാണ് അർത്ഥം. വചനത്തിലുടനീളം അനുഗ്രഹത്തിന്റെ ഈ നോട്ടം കാണുവാൻ കഴിയും. പത്രോസിന് അത് മാനസാന്തരത്തിലേയ്ക്കുള്ള ക്ഷണമായിരുന്നു, ജനക്കൂട്ടത്തിന് അപ്പം നൽകാനുള്ള അലിവായിരുന്നു, ധനികനായ യുവാവിന് തിരുത്താനായുള്ള അവസരമായിരുന്നു ആ നോട്ടം. ഇപ്രകാരം ഈശോ നമ്മിലേയ്ക്ക് നോക്കുമ്പോൾ ആ നോട്ടത്തിന്റെ അർത്ഥം ഗ്രഹിക്കുവാനും അത് സ്വീകരിക്കുവാനും അതനുസരിച്ച് ജീവിതത്തെ പരിവർത്തനപ്പെടുത്താനും നമുക്ക് കഴിയണം.

മൂന്നാമത്തെയും അവസാനത്തേതുമായ കാഴ്ച സമരിയാക്കാരനായ കുഷ്ഠരോഗിക്കു മാത്രം സ്വന്തമാണ്. അവന്റെ തിരിച്ചുവരവിന് വഴിവിളക്കായത് ഈ കാഴ്ചയാണ്. എന്താണ് ഈ അവസാനത്തെ കാഴ്ചയുടെ പ്രത്യേകത? വി. അത്തനാസിയൂസ് ഇപ്രകാരം പറയുന്നു: ‘‘നന്ദി പറയാൻ തിരികെ വരാത്ത ഒൻപതു പേരും തങ്ങളെ സൗഖ്യപ്പെടുത്തിയവനേക്കാൾ തങ്ങൾക്ക് ലഭിച്ച സൗഖ്യത്തെക്കുറിച്ച് ചിന്തിച്ചു. അത് അവരുടെ സ്വാർത്ഥതയുടെ തെളിവ് കൂടിയായിരുന്നു. എന്നാൽ തിരിച്ചുവന്നവന്റെ ലക്ഷ്യം വെറും ശാരീരികസൗഖ്യമായിരുന്നില്ല. മറിച്ച്, ക്രിസ്തുവായിരുന്നു. ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയായിരുന്നു.’’ Minimum കൊണ്ട് തൃപ്തനായിരുന്നില്ല അവൻ. അകലെ നിന്നും സൗഖ്യത്തിനായി യാചിച്ച അവൻ ഇപ്പോൾ യേശുവിന്റെ പാദത്തിനരികിൽ വരെ എത്തി. തനിക്ക് എത്രമാത്രം എത്തിപ്പിടിക്കാനാവുമെന്നും സ്നേഹിക്കാനാവുമെന്നും അവൻ തെളിയിച്ചു. ക്രിസ്തുവിനോളം വളരാനായി വിളിക്കപ്പെട്ടിരിക്കുന്ന നാം പലപ്പോഴും ക്രിസ്തുവിനേക്കാൾ ചെറിയ കാര്യങ്ങൾ കൊണ്ട് തൃപ്തിയടയുമ്പോൾ അവന്റെ ഈ വാക്കുകൾ നമുക്കു നേരെയും തിരിയും. പത്തു പേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപത് പേരെവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും നന്ദി പറയാൻ തോന്നിയില്ലേ എന്ന്. കാരണം, ഇന്ന് അവിടുന്ന് ഒന്നിനെ തേടിപ്പോകുന്ന ഇടയനല്ല മറിച്ച്, 99-ഉം നഷ്ടപ്പെട്ട ഇടയനാണ്.

പ്രിയമുള്ളവരേ, ഒരുപാട് കാര്യങ്ങൾ അനുദിനം കാണുന്നവരാണ് നമ്മൾ. എന്നാൽ, വ്യത്യസ്തമായ കാഴ്ചപ്പാടുകൾ നാം പുലർത്തുമ്പോൾ അവയെ സ്വീകരിക്കുന്ന രീതിയും വ്യത്യസ്തങ്ങളായിരിക്കും. ക്രിസ്തുവിനോളം വ്യത്യസ്തമായി കാര്യങ്ങളെ കാണുന്നവരുണ്ടാകില്ല. കാരണം, വിശുദ്ധ കുർബാനയോളം വ്യത്യസ്തമായി ദൈവത്വത്തെ കണ്ടവനാണവൻ. നമ്മളും അപ്രകാരമാണെങ്കിൽ എന്നെ ഞാൻ നോക്കുന്ന രീതിക്ക് വ്യത്യാസം വരണം. എത്ര വലിയൊരു നിധിയാണ് ഞാനെന്നും എത്രമാത്രം അനുഗ്രഹമായി മാറാൻ എനിക്ക് കഴിയുമെന്നും ഞാൻ മനസ്സിലാക്കണം. മനസ്സിലാക്കിയാൽ മാത്രം പോരാ, തിരിഞ്ഞുനടക്കാനുള്ള ധൈര്യം കൂടി കാണിക്കണം.

രണ്ടാമതായി മറ്റുള്ളവരെ ഞാൻ കാണുന്ന രീതിയിൽ മാറ്റം വരണം. നമ്മുടെ കാഴ്ച അപരന് രക്ഷാകരമായി മാറണം. ഇപ്രകാരം നമ്മുടെ കാഴ്ച തെളിയണമെങ്കിൽ കാഴ്ചയെ തടയുന്ന ചെറിയ ചെറിയ കുഷ്ഠങ്ങളിൽ നിന്ന് വിമുക്തി നേടണം. ലേവ്യരുടെ പുസ്തകത്തിൽ നാം വായിച്ചുകേട്ടതു പോലെ, നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്. പരിശുദ്ധി നേടാനാണ് ദൈവവും നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. അപ്പോൾ നമ്മുടെ കാഴ്ചയും തെളിയും. സകലതിനെയും നന്ദിയോടെ സ്വീകരിക്കുവാൻ നാം പഠിക്കും. ദാനങ്ങളിൽ അമിതമായി ശ്രദ്ധിച്ച് ദാതാവിനെ മറന്ന് നന്ദിഹീനരായി വർത്തിക്കാതെ ഒരു ജീവിതകാലം മുഴുവനും നന്ദിയേകിയാലും തീരാത്ത നന്മകളെ കാണാനും ദൈവപരിശുദ്ധിയ്ക്ക് മുമ്പിൽ അവിടുത്തെ പരിപാലനയെ സ്തുതിച്ചുകൊണ്ട് ജീവിക്കുവാനും നാം പ്രാപ്തരാകും.

കടപ്പാടുകളും നന്ദിയും വാക്കുകളിൽ മാത്രമാകുന്ന ഇന്ന്, ജന്മം തന്ന മാതാപിതാക്കളെയും അറിവിന്റെ വെളിച്ചം നൽകിയ ഗുരുഭൂതരെയും സ്വന്തമായി കരുതി സ്നേഹിച്ച സഹോദരങ്ങളെയും സുഹൃത്തുക്കളെയും ഒക്കെ നന്ദിയോടെ ഓർത്ത് പ്രാർത്ഥിക്കാം. നമ്മൾ അർപ്പിക്കുന്ന ഈ വിശുദ്ധ കുർബ്ബാന ഏറ്റവും വലിയ കടപ്പാടിന്റെ ഓർമ്മയാഘോഷമാണ്. എനിക്കായി എന്റെ ദൈവം ബലിയായതിന്റെ ഓർമ്മ. നമ്മുടെ ജീവിതത്തിലേയ്ക്ക് ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെയോർത്ത് നന്ദി പറയാം. മറ്റുള്ളവർക്ക് ഞാൻ ഒരു അനുഗ്രഹമായി മാറുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ചുറ്റുമുള്ള നന്മകളെ കാണാനുതകുന്ന മിഴിവാർന്ന കാഴ്ചയും നന്ദി നിറഞ്ഞ ഹൃദയവും നൽകി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.